# പാഠം / Lesson - 22

# യിസ്രായേലിന്റെ തളിർപ്പും ഭാവിയും
# TENDERING OF ISRAEL AND ITS FUTURE

**വായനഭാഗം / Scripture Portions**

യെശ. 60:1-22, യെഹ. 36:24-37, മർക്കൊ. 13:24-34,
ലൂക്കൊ. 21:29-33, യെശ. 65:17-25, 11:1-16.

Is. 60:1-22, Ez. 36:24-37; Mk. 13:24-34, Lk. 21:29-33;
Is. 65:17-25, 11:1-16

**മനഃപാഠം / *Memory Verse* : മത്തായി 24:32-33 / Mt 24:32-33**

"അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾക്കുള്ളതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ."

"From the fig tree learn its lesson, as soon as its branches becomes tender and puts forth its leaves, you know that summer is near. So also, when you see all these things, you know that he is near, at the very gates.."

**ലക്ഷ്യം :**

അത്തിയാകുന്ന യെഹൂദന്റെ തളിർപ്പ് യേശുക്രിസ്തുവിന്റെ പുനരാഗമനത്തിന്റെ നാന്ദിയായി മനസ്സിലാക്കി പഠിതാക്കൾ ഒരുക്കവും ആത്മീക ഉണർവ്വും ഉള്ളവരായി തീരുക.

**മുഖവുര**

യിസ്രായേൽ രാഷ്ട്രം ദൈവത്തിന്റെ പദ്ധതി അനുസരിച്ച് 1948-ൽ സ്ഥാപിക്കപ്പെട്ടു എന്നു നാം പഠിച്ചുവല്ലോ. വർത്തമാന കാലത്ത് അവർ എങ്ങനെയിരിക്കുന്നു? അവരുടെ ഭാവി എന്തായിരിക്കും? അവരുടെ അഭി

**Objective** :

Pupils get prepared and be spiritually strong as they know the tendering of jews like tendering of fig tree, and it is the sign of the second coming of Jesus Christ.

**Introduction**

We have learnt that Israel was formed in 1948 as God's will. How is

വൃദ്ധി കർത്താവായ യേശുവിന്റെ പുനരാഗമനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ഈ വിഷയങ്ങളെക്കുറിച്ച് ആണ് തുടർന്ന് പഠിക്കുന്നത്.

### പ്രവചനങ്ങൾ

യേശുക്രിസ്തു തന്റെ രണ്ടാം വരവിനെ സംബന്ധിച്ച് ഒലിവുമലയിൽ വച്ച് ശിഷ്യന്മാരെ പഠിപ്പിച്ചപ്പോൾ വരവിന്റെ പ്രധാന ലക്ഷണമായി പഠിപ്പിച്ചപ്പോൾ വരവിന്റെ പ്രധാന ലക്ഷണമായി പറഞ്ഞത് ഇപ്രകാരമാണ്. അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ. അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾക്കുള്ളതു ഒക്കെയും കാണുമ്പോൾ അവൻ അടുക്കെ വാതിൽക്കൽ തന്നെ ആയിരിക്കുന്നു എന്നു അറിഞ്ഞുകൊൾവിൻ. ദൈവവചനത്തിൽ യെഹൂദനെ മുന്തിരിയോടും (യെ ശ. 5:7), ഒലിവുമരത്തോടും (റോമ. 11:24), അത്തിയോടും (മത്താ. 24:32-33) സാദൃശപ്പെടുത്തി പറഞ്ഞിരിക്കുന്നു. യിസ്രായേലിന്റെ നാശത്തിന്റെ ഒരു സാധനപാഠമായിട്ടത്രെ യേശു അത്തിയെ ശപിച്ചതും അത് ഉണങ്ങിപ്പോകുവാൻ ഇടയായതും (മത്താ. 21:18-20) എന്നാൽ തന്റെ പുനരാഗമനത്തിന് മുമ്പായി യെഹൂദൻ (യിസ്രായേൽ) വീണ്ടും അഭിവൃദ്ധി പ്രാപിക്കുമെന്ന് യേശു പഠിപ്പിച്ചു. പഴയനിയമ പ്രവാചകന്മാർ ഈ കാര്യം ആവർത്തിച്ച് പ്രസ്താവിച്ചിട്ടുണ്ട് (ആവ. 30:3-5) യെശ. 60:1-11, യെഹ. 36:8-12, 37:11-15, 37:21-38, ആമോ. 9:9-15.

### ശത്രുക്കളുടെ മേൽ അത്ഭുതകരമായ വിജയം

1948-ൽ യിസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടെങ്കിലും അവർക്ക് പിന്നീടുള്ള വർഷങ്ങളിൽ അറബിരാഷ്ട്രങ്ങളുടെയും മറ്റ് നിരവധി രാജ്യങ്ങളുടെയും എതിർപ്പുകളെ നേരിടേണ്ടി വന്നു 1948-ൽ തന്നെ ഈജിപ്ത്, യോർദ്ദാൻ, സിറിയ, ലെബാനോൻ എന്നീ അപ്രതീക്ഷിതമായ വിധത്തിൽ അറബികൾ തോല്പിക്കപ്പെട്ടു. ദൈവം തേനീച്ചകളെ അയച്ചു അവരെ ഓടിക്കുകയാണു

their present condition? What will be their future? How their prosperity can be be connected to the second coming of Jesus Christ? In this lesson, we will learn about these things.

### Prophesies

When Jesus taught about his second coming at Mount Olive to his disciples, he said about the sign of his coming. From the fig tree learn its lesson, as soon as its branch becomes tender and puts forth its leaves, you know that summer is near. So also, when you see all these things, you know that he is near, at the very gates. Bible compares Jews with vineyard (Is. 5:7). Olive tree (Rom. 11:24), and fig tree is a lesson for the decline of Israel (Mt. 21:18-20). But Jesus taught that jews (Israel) would prosper at his second coming. Old Testament prophets repeatedly said it (Deut. 30:3-5), Is. 60:1-11, Ez. 36:8-12, 37:11-15, 37:21-38, Am. 9:9-15.

### Miraculous Victory over the Enemies

Though Israel nation was formed in 1948, they had to face opposition for many years from Arab and other nations. Arabs were defeated in 1948 by the hands of Egypt, Jordan, Syria and Labanon unexpectedly. They flew away as God sent bees against them. Again in 1956, Egypt and companions were defeated at Senai War. In 1967, Nasar, the Egyptian

ണ്ടായത്. വീണ്ടും 1956-ൽ സീനായി യുദ്ധത്തിൽ ഈജിപ്തും കൂട്ടരും തോല്പിക്കപ്പെട്ടു. 1967 ൽ ഈജിപ്തിലെ ഏകാധിപതിയും ഐക്യ അറബി റിപ്പബ്ലിക്കിന്റെ പ്രസിഡന്റുമായിരുന്ന നാസ്സർ മറ്റ് എല്ലാ അറബി രാജ്യങ്ങളെയും സംഘടിപ്പിച്ചു കൊണ്ട് റഷ്യ മുതലായ രാജ്യങ്ങളുടെ സഹായത്തോടുകൂടി യുദ്ധത്തിന് പുറപ്പെട്ടു വരുവിൻ യിസ്രായേൽ ഒരു ജാതിയായിരി ക്കാതെവണ്ണം അവരെ മുടിച്ചുകളക (സങ്കീ. 83:4) എന്നായിരുന്നു. നാസ്സറിന്റെ ആഹ്വാനം അകാബാ ഉൾക്കടൽ അടയ്ക്കുകയും അറബികളുടെ വമ്പിച്ച സൈന്യങ്ങൾ രംഗത്തിറങ്ങുകയും ചെയ്തു. അങ്ങനെ 1967 ജൂൺ 5-ാം തീയതി ചരിത്ര പ്രസിദ്ധമായ 6 ദിവസത്തെ യുദ്ധം ആരംഭിച്ചു. ഏതാനും മണിക്കൂറുകൾകൊണ്ട് അറബികളുടെ ബഹുശതം വിമാനങ്ങൾ തകർക്കപ്പെടുകയും വിമാനത്താവളങ്ങൾ പ്രവർത്തന രഹിതമാക്കപ്പെടുകയും ചെയ്തു. 4 ദിവസങ്ങൾ കൊണ്ട് യെരുശലേം മുഴുവനും യോർദ്ദാന്റെ പടിഞ്ഞാറെ ഭാഗവും സൂയസ് തോടിന്റെ കിഴക്കേ തീരം വരെയുള്ള ഗാസാ, സീനായി പ്രദേശങ്ങളും യിസ്രായേലിന്റെ അധീനമായി അഞ്ചു ദിവസമായ 4-ാം തീയതി നാസ്സർ രാജിവച്ചു. അടുത്ത ദിവസം അയാൾ രാജി പിൻവലിക്കാൻ നിർബന്ധിക്കപ്പെട്ടു. ഐക്യരാഷ്ട്ര സമിതി വെടി നിർത്തലിന് ആഹ്വാനം നടത്തി. 11-ാം തീയതി യിസ്രായേലിന് വമ്പിച്ച വിജയം കൈവരുത്തി. പിടിച്ചെടുക്കപ്പെട്ട സ്ഥലങ്ങൾ മടക്കി കൊടുക്കുന്നതിന് ഐക്യരാഷ്ട്ര സമിതിയും മറ്റ് രാഷ്ട്രത്തലവന്മാരും ആവശ്യപ്പെട്ടെങ്കിലും യിസ്രായേൽ വഴങ്ങിക്കൊടുത്തില്ല. അറബി ഗറില്ലകൾ ഏതാനും വർഷങ്ങൾക്കു മുമ്പ് തട്ടിക്കൊണ്ടുപോയി ഉഗാണ്ടയിൽ എത്തിച്ച യിസ്രായേല്യ വൈമാനികരുടെ സാമർത്ഥ്യം ലോകം അംഗീകരിച്ചു കഴിഞ്ഞിരുന്നു. ഈജിപ്തിലെ ഭരണാധികാരിയായിരുന്ന സാദത്ത് യിസ്രായേലുമായി സന്ധി ഉണ്ടാക്കുകയും ചെയ്തു. ദൈവത്തിന്റെ കരം യിസ്രായേലിനോട് കൂടെ ഇരുന്ന് പ്രവർത്തിക്കുന്നു എന്ന് ഈ സംഭവങ്ങൾ

monarch and the president of United Arab Republic organized all Arab Countries and also with the help of Russia started for war. Nasar's call was, "Come, let us wipe them out as a nation" (Ps. 83:4). They closed the gulf of Aqaba and great military forces of Arabs made and entry. Thus, on 5th June 1967, historical war began for six days. In a few hours Arabs' aircrafts were destroyed and their airports were of use. Israel captured all Jerusalem, Western part of Jordan, Gasa to eastern border of Suez Canal, and regions of Senai in four days. On 5th day Nasar resigned and on the next day, he was forced to withdraw the resignation. United Nations called to stop the war and on 11th June, Israel got victory in the war. Israel was not willing to give back the regions they had captured though they were asked to do so by United nations adn other nations leaders. In this time, the world also accepted the smartness of the jewish pilots who had been kidnapped by the Arab guerrillas to Uganda. Sadat the president of Egypt also made a treaty with Israel. All these events reveal the fact that God's hand mightly acts for the people of Israel. Palastine leaders and Israel rulers have already signed the treaty of peace in 1944.

**Prosperity of Israel (Joel 2:21-27)**

Israel advanced enviably in

എല്ലാം തെളിയിക്കുന്നു. പാലസ്തീൻ നേതാക്കളും യിസ്രായേൽ ഭരണാധികാരികളും 1944 ൽ സമാധാന സന്ധിയിൽ ഒപ്പു വച്ചിരിക്കുന്നു.

**ഐശ്വര്യ സമൃദ്ധി** (യോവേൽ 2:21-27)

യിസ്രായേൽ സൈനിക ശക്തിയിലും ശാസ്ത്രവിജ്ഞാനത്തിലും മുന്നേറുന്ന തിനോടൊപ്പം മറ്റ് എല്ലാ രംഗങ്ങളിലും അസൂയാർഹമായ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. മരുഭൂമി ഉദ്യാനമായിത്തീരും എന്ന പ്രവചനത്തിന്റെ നിവൃത്തിയെന്നവ ണ്ണം ഏതാനും വർഷങ്ങൾക്കപ്പുറം ശൂന്യ മായി കിടന്നിരുന്ന മരുഭൂമി പ്രദേശങ്ങൾ മനോഹരമായ കൃഷി സ്ഥലങ്ങളായി തീർ ത്തിരിക്കുന്നു. ഗോതമ്പും, യവവും, പഴവർഗ്ഗങ്ങളും എല്ലാം അവർ ധാരാളമായി കയറ്റു മതി ചെയ്യുന്നു. മുൻമഴയും പിൻമഴയും ദൈവം പെയ്യിച്ചുകൊണ്ടിരിക്കുന്നു. ധാരാളം ജലസേചന പദ്ധതികളും ഏർപ്പെടുത്തപ്പെട്ടിരിക്കുന്നു. ശുദ്ധജലവിതരണം ഭവന നിർമ്മാണം, വാണിജ്യം, വ്യവസായം, നഗര സംവിധാനം, യാത്രാ സൗകര്യങ്ങൾ എന്നിവയിൽ എല്ലാം യിസ്രായേൽ മുൻപന്തിയിൽ നിൽക്കുന്നു. അതേ യഹൂദനാകുന്ന അത്തി തളിർത്തിരിക്കുന്നു യേശുക്രിസ്തുവിന്റെ പുനരാഗമനം ആസന്നമായിരിക്കുന്നു. അതിനാൽ ഉണരാം ഒരുക്കത്തോടുകൂടി കാത്തിരിക്കാം.

**മഹോദ്രപകാലം**

യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഏറ്റവും ആസന്നമാണെന്ന് യെഹൂദന്റെ തളിർപ്പ് നമ്മെ പഠിപ്പിക്കുന്നു. കർത്താവിന്റെ വരവിന് രണ്ട് ഘട്ടങ്ങൾ ഉണ്ട്. ഒന്നാമത്തേത് തനിക്കായി കാത്തിരിക്കുന്ന തന്റെ സഭയെ ചേർക്കുന്നതിനായുള്ള വരവത്രേ. കർത്താവിൽ നിദ്ര പ്രാപിച്ച വിശുദ്ധന്മാർ പുനരുത്ഥാനം ചെയ്യുകയും ജീവനോടിരിക്കുന്ന വ്യതന്മാർ രൂപാന്തരപ്പെ ടുകയും ചെയ്യും. ഇരുകൂട്ടരും കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും (1 കൊരി. 15:52-54) 2 തെസ്സ. 4:16-18 അതോടുകൂടി പരിശുദ്ധാത്മാവും ഭൂമിയിൽ നിന്ന് മാറ്റപ്പെടും. ഈ സംഭവത്തെത്തുടർന്ന് അധർമ്മ

almost all the areas including military power and scientific knowledge. The prophecy that pastures of wilderness becomes green is fulfilled. The wilderness which was useless for many years became wealthy with beautiful agricultural lands. They export wheat, barley and fruits in plenty. God rains it with before and after rain. We see a number of irrigational projects here. Israel is a leading nation in terms of distribution of clean water, trade, industry, town-planning and transportation. Israel, the fig tree is tendered now. So the second coming of Jesus is near. Let us rise and prepare ourselves for Jesus' coming.

**The great tribulation**

The tendered Israel teaches us a lesson that the second coming of Jesus is very near. There are two phases of Jesus coming. First phase of Jesus' coming is to collect his church. The died in Christ will be resurrected first and those who are alive shall be caught up together with them in transformed bodies. They will together meet the Lord in heaven (1 Cori. 15:52-54, 2 Thes. 4:16-18). Along with this event, the Holy Spirit also will leave from the earth. And the lawless one or anti-christ will be appeared. He make Israel that he is the Messiah and they will be entered into a treaty (Dan. 4:27, Rev. 6:2, 2 Thes. 2:9-12). Anti Christ

മൂർത്തി അഥവാ അന്തിക്രിസ്തു വെളിപ്പെടും. അവൻ മശിഹാ ആണെന്ന് യിസ്രായേലിനെ വിശ്വസിപ്പിക്കുകയും അവരുമായി ഉഭയ സമ്മ തത്തിൽ പ്രവേശിക്കുകയും ചെയ്യും (ദാനി. 4:27, വെളി. 6:2, 2 തെസ്സ. 2:9 -12) അന്തിക്രിസ്തു വലിയ അധികാരമുള്ള ലോകചക്രവർത്തിയായി ഭരണം നടത്തും എന്നാൽ മൂന്നര വർഷങ്ങൾ കഴിയുമ്പോൾ അവൻ ഉടമ്പടി ലംഘിക്കുകയും യെഹൂദന്റെ യാഗങ്ങളും ആരാധനയും നിർത്തുകയും ചെയ്യും. ദൈവാലയത്തിൽ അന്തിക്രിസ്തുവിന്റെ പ്രതിമ സ്ഥാപിക്കും. ഇതിനെ യിസ്രായേൽ എതിർക്കും. അതിന്റെ ഫലമായി അവർക്ക് ഭയങ്കരമായ പീഡ ഉണ്ടാകയും യാക്കോബിന്റെ കഷ്ടകാലം എന്നറിയപ്പെടുന്ന ഈ കാലത്ത് ലോകാരംഭം മുതൽ ഇന്നുവരെ സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം ഉണ്ടാ കും (മത്താ. 24:21-26) ഇത് 1260 ദിവസം (3½ വർഷം) മാത്രമായിരിക്കും ഈ പീഡയിൽ യിസ്രായേലിനെ പ്രബോധിപ്പിക്കുന്നതിനും ആ ശ്വസിപ്പിക്കുന്നതിനും ദൈവം ഏലിയാവ്, മോശെ എന്നീ പ്രവാചകന്മാരെ അയയ്ക്കും (വെളി. 11:1-7).

### ക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത

അന്തിക്രിസ്തുവിന്റെ ഭരണകാലം വരെ 7 വർഷം തികയുന്നതോടുകൂടി യിസ്രായേൽ തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് ദൈവത്തിങ്കലേക്ക് തിരിയും. യേശുക്രിസ്തു തന്റെ സകല വിശുദ്ധന്മാരോടുകൂടി ദൈവ ദൂതന്മാരാൽ പരിസേവിതനായി യെരുശലേമിന് സമീപമുള്ള ഒലിവുമലയിൽ ഇറങ്ങും. സെഖ. 14:4. മശിഹായുടെ മഹത്വ പ്രത്യക്ഷത യെക്കുറിച്ച് വെളി. 1:17, 19:11-16, 2 തെസ്സ. 1:6-7, മത്താ. 29:30 മുതലായ അനേക വേദഭാഗങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു അന്തിക്രിസ്തുവും തന്റെ അനുയായികളും മശിഹായെയും യിസ്രായേലിനെയും നശിപ്പിക്കുന്നതിനായി സൈന്യസമേതം മെഗ്ദ്ദോ (ഹെർമ്മഗെദ്ദോൻ) എന്ന സ്ഥലത്ത് എത്തും. തുടർന്ന് നടക്കുന്ന സംഘട്ടനത്തിൽ മശിഹാ അന്തി

will rule over the world as the emperor of the whole universe. But he will break the treaty after. Three and a half years and he will stop the offerings and worship of Jews. The image of anti Christ will be set up in the temple, and the Israel will oppose this. As a result, the people of Israel face great pains and sufferings. This period is known Jacob's trouble, for there will be great distress unequaled from the beginning of the world until now (Mt. 24:21-26). It lasts for 1260 days (three and a half years). In order to exhort and encourage the Israel, the Lord will send Elijah and Mosses (Rev. 11:1-7).

### Jesus' Appearance in Glory

Israel will turn to God after confessing their sins at the end of seven years of the rule of anti-christ. Jesus Christ with his saints, will descent on Mount Olive, which is near to Jerusalem (Zec. 14:4) Jesus' appearing in glory is described in Rev. 1:17, 19:11-16, 2 Thes. 1:6-7 and Mt. 29:30. Anti-Christ and his followers will gather together at Armageddon to defeat Messiah and the Israel. Then, Messiah with his heavenly army will defeat them. Anti-Christ (the beast) and the false prophet will be cast into the burning face (Rev. 19:19-21, Zech. 14:41)

### Recovering the Remnants of Israel

After Jesus' appearance in glory, all

ക്രിസ്തുവിനെയും അവന്റെ കൂട്ടരെയും തന്റെ ശക്തിയുള്ള പ്രഭാവത്താൽ തോല്പിക്കും. അന്തിക്രിസ്തുവിനെയും അവന്റെ സഹായിയായ കള്ള പ്രവാചകനെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളയും (വെളി. 19:19-21, സെഖ. 14:41).

## യിസ്രായേലിന്റെ അന്തിമ കൂട്ടിച്ചേർപ്പ്

മശിഹായുടെ മഹത്വപ്രത്യക്ഷതയ്ക്കു ശേഷം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ശേഷിക്കുന്ന എല്ലാ യിസ്രായേൽക്കാരെയും പാലസ്തീനിൽ കൂട്ടിച്ചേർക്കും (യെശ. 11:11-12, മത്താ. 24:31 ആമോ. 9:9, യിരെ. 31:8. അവർ അനുതാപത്തോടുകൂടി വന്ന്, കുത്തിയവങ്കലേക്ക് നോക്കും. യേശു കാൽവറി യിൽ സാധിച്ച വീണ്ടെടുപ്പ് ജാതി എന്ന നിലയിൽ യിസ്രായേലിന് അനുഭവപ്പെടുന്നത് ഈ സന്ദർഭത്തിലത്രേ. സെഖ. 12: 10-14. അവർ കുലം കുലമായി വിലപിക്കുകയും ജാതിയായി യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവും രാജാവും ആയി അംഗീകരിക്കുകയും ചെയ്യും. അവരെ സംബന്ധിച്ചുള്ള ദൈവഹിതം ഇങ്ങനെ നിറവേറും.

## യിസ്രായേൽ സഹസ്രാബ്ദ ഭൂമിയിൽ

മശിഹായുടെ മഹത്വപ്രത്യക്ഷതയ്ക്കും യിസ്രായേലിന്റെ അന്ത്യ കൂട്ടിച്ചേർപ്പിനും ശേഷം സഹസ്രാബ്ദയുഗം ആരംഭിക്കുന്നു. യേശു ക്രിസ്തു പിശാചിനെ ബന്ധനസ്ഥനാ ക്കി അഗാധകൂപത്തിൽ അടയ്ക്കും. ദാവീദിന്റെ രാജത്വം പുനരുദ്ധരിച്ചു തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. സകല കൃതികളെയും അവന്റെ മുമ്പിൽ കൂട്ടുകയും സഹസ്രാബ്ദ ഭരണത്തിൽ ഉൾപ്പെടു ത്തേണ്ട ജാതികളെ തെരഞ്ഞെടുക്കുകയും ചെയ്യും. മത്താ. 25:31-33. മഹോദ്രവകാലത്ത് അവർ യിസ്രായേലിനോട് ഏതു വിധത്തിൽ പെരുമാറി എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ തെരഞ്ഞെ ടുപ്പ് അഥവാ ജാതികളുടെ വിധി.

ആയിരമാണ്ടത്തെ ഈ വാഴ്ചയിൽ ദൈവാധിപത്യമാണ് ഭരണ രീതി. യെരുശലേം ആയിരിക്കും ക്രിസ്തു രാജാവിന്റെ

the Israelites around the world will be recovered at Palastine (Is.11:11- 12, Mt. 24:31, Am 9:9, Jer. 31:8). They will be moved with great confession and shall look unto they pierced. This time Israel as a tribe will experience the redemptive work of Jesus on the cross (Zech. 12:10-14). They will mourn family by itself and will accept as the Lord and king. Thus, the will of God about them will be fulfilled.

## Israel on Millenium Earth

The millenium age will begin after Jesus' appearance in glory and recovering the remnants of Israel. Jesus Christ will imprison Satan and cast him the lake of fire. He will re-establish the kingdom of David and sin in the throne of glory. He will gather all nations and separate the people who will be included in the administration of the Millenium age (Mat. 25:31-33). The selection of people will be based on the way they treated Israel during the period of great tribulation.

God will rule during the Millenium age. Jerusalem will be the capital of Jesus, the king (Is. 24:23). When Messiah establishes the kingdom, he will give Israelites their promised lands. Israel will live fearlessly in their own land (Is. 23:6-8). The boarder of their inherited land will be Blue sea in the west, Euphrates in the

ആസ്ഥാനം. യെശ. 24:23. ഇപ്രകാരമുള്ള രാജ്യം മശിഹാ സ്ഥാപിക്കുമ്പോൾ യിസ്രാ യേലിന് അവരുടെ ഭൂമിയായി ദൈവം വാഗ്ദത്തം ചെയ്തിരുന്ന സ്ഥലങ്ങൾ തന്നെ കൊടുക്കുന്നതാണ്. യിസ്രായേൽ നിർഭയ മായി സ്വന്തദേശത്ത് വസിക്കും. യെശ. 23:6-8 അവരുടെ അവകാശ ഭൂമിയുടെ അതിരുകൾ പടിഞ്ഞാറ് നീലനദിയും കിഴ ക്ക് യൂഫ്രട്ടീസ് നദിയും വടക്ക് ഹാമാത്തും (യെരുശലേമിന് 100 മൈൽ തെക്ക്) ആയി രിക്കും. എന്നാൽ മശിഹായുടെ രാജ്യത്തി ന്റെ വിസ്തീർണ്ണം 72-ാം സങ്കീർത്തന ത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സമുദ്രം മുതൽ സമുദ്രം വരെയും നദി മുതൽ ഭൂമി യുടെ അറ്റങ്ങൾ വരെയും ആയിരിക്കും സമ സ്ത ലോകവും ഈ ഭരണത്തിൽ കീഴിലാ യിരിക്കും. ഭരണകാലത്തുള്ള വ്യവസ്ഥിതി യെശ. 11:1-10, 65:17-25 എന്നീ വേദഭാഗ ങ്ങളിൽ വിവരിച്ചിരിക്കുന്നു. നീതിയും സമാധാനവും സ്നേഹവും നിറഞ്ഞതും യാതൊരു തിന്മയ്ക്കും ഇടില്ലാ ത്തതുമായ സഹസ്രാബ്ദയുഗം എത്ര അഭി കാമ്യം.

സഹസ്രാബ്ദവാഴ്ചയ്ക്കും ശേഷം സാ ത്താനെ അല്പകാലത്തേക്ക് അഴിച്ചുവിടും അവൻ വീണ്ടും ജനനാനുഭവമില്ലാത്ത ജാതി കളെ, യിസ്രായേൽ ജനതെയും യെരുശലേം നഗരത്തെയും നശിപ്പിക്കുന്നതിനായി കൂട്ടി വരുത്തും. ഉടനെ ദൈവത്തിന്റെ ന്യായവിധി യിലൂടെ അഗ്നി അവരുടെമേൽ ഇറങ്ങി അവരെ ദഹിപ്പിച്ചുകളയും. സാത്താൻ എന്ന ന്നേക്കുമായി ഗന്ധക തീപ്പൊയ്കയിലേക്ക് നിപതിക്കുക യും ചെയ്യും (വെളി. 20:7-10).

അതിനുശേഷം അന്ത്യന്യായവിധി ഉണ്ടാകും. അനന്തരം യിസ്രായേലിലുൾ പ്പെടെയുള്ള വിശുദ്ധന്മാർ സമ്പൂർണ്ണ യുഗ ത്തിൽ കർത്താവിനോടൊരുമിച്ച് പുതിയ യെരുശലേമിൽ വാസം ചെയ്യും (വെളി. 21:1 -5). ഇങ്ങനെയാകുന്നു കാര്യങ്ങളുടെ സമാപ്തി.

ദൈവം തന്റെ വിശുദ്ധന്മാർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പുതിയ യെരുശലേമിൽ കർത്താവിനോടുകൂടി നിത്യത കഴിക്കുവാൻ നമുക്ക് ഒരുങ്ങാം. മറ്റുള്ളവരെ ഒരുക്കാം.

east and Hamath (100 miles south to Jerusalem) in the north. But the area of the Messianic kingdom is as described in Psalms 72 that he will rule from sea to sea and from the river to the end of the earth, and all the universe will be under his rule. The desciples of his rule is described in Is. 11:1-10; 65:15-17. The millenium age will be a blessed time where the rule will be covered with justice, peace and love, and there will not be any evil.

After the millenium age, God will loosen Satan for sometimes and he will gather and deceive nations to destroy the people of Israel and Jerusalem. But fire will come down from heaven and consume them. Satan will be thrown into the lake of fire forever (Rev. 20:7-10).

There will be the last judgment after Satan being thrown. Then, all saints including the ones from Jerusalem will live in New Jerusalem (Rev. 21:1-5). This is eternal life. This will the end of all things.

Let us prepare ourselves to spend our eternity with Lord Jesus in New Jerusalem, which is made for the saints of God. Let us also prepare others for the same.

## പ്രവൃത്തി പരിചയം / Activity

1. ശത്രുക്കളുടെ മേൽ യിസ്രായേലിനു ലഭിച്ച അത്ഭുതാവഹമായ വിജയം എങ്ങനെയെന്ന് ഒരു വിവരം എഴുതുക?
   Write a description on how the Israelites got the miracles victory over their enemies ?

2. യോവേൽ 2:21–27 ൽ പറയുന്ന പ്രവചനനിവൃത്തി ചുവടെ രേഖപ്പെടുത്തുക
   Write the prophetical fulfilment of Joel 2:21-27

3. യേശുക്രിസ്തുവിന്റെ മേഘപ്രത്യക്ഷതയ്ക്കും മഹത്വപ്രത്യക്ഷതയ്ക്കും ഇടയിലുള്ള കാലം എന്ത് എന്ന് എഴുതുക? / What is called the age between Mid-air appearence and the glorious appearance of Jesus Christ ?

മേഘപ്രത്യക്ഷത
Mid-air appearance

മഹത്വപ്രത്യക്ഷത
Glorious appearance

4. ആയിരം ആണ്ടുവാഴ്ചയുടെ പ്രത്യേകതകൾ എന്തെല്ലാം?
   What are the features of millennium reign ?